# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 734** **05.06.2018-ൽ മറുപടിക്ക്**

### വൈദ്യുതി തടസ്സം സത്വരമായി പരിഹരിക്കുന്നതിന് സംവിധാനം

| | ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലഭിക്കുന്ന ശക്തമായ വേനൽ മഴമൂലം വ്യാപകമായി വൈദ്യുതി തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൈദ്യുതി തടസ്സം സത്വരമായി പരിഹരിക്കുന്നതിന് എന്ത് സംവിധാനമാണ് ബോർഡ് ഒരുക്കിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ ; | (ബി) | വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് ബോർഡിന് ഓരോ സെക്ഷനിലും സ്ഥിരം സംവിധാനമായ ബ്രേക്ക് ഡൗൺ വിഭാഗം നിലവിലുണ്ട്. ശക്തമായ മഴയും കാറ്റും മൂലം വ്യാപകമായ നാശനഷ്ടങ്ങൾ ഒരു സെക്ഷന്റെ പരിധിയിൽ ഉണ്ടാകുന്ന അവസരങ്ങളിൽ ടി. സെക്ഷനിലെ ജീവനക്കാരെ കൂടാതെ മറ്റു സമീപ സെക്ഷനുകളിലെ ജീവനക്കാരേയും, പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യുന്ന ആൾക്കാരേയും ഉപയോഗപ്പെടുത്തി വൈദ്യുതി തടസ്സങ്ങൾ ദ്രുതഗതിയിൽ പരിഹരിച്ചു വരുന്നു. |
| (സി) | മഴക്കാലത്തിന് മുന്നോടിയായി ലൈനിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ? | | ഉണ്ട്. മഴക്കാലത്തിന് മുന്നോടിയായി പൂർത്തിയാക്കേണ്ട അറ്റകുറ്റപ്പണികളും അവ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രതിപാദിക്കുന്ന പരിപത്രം ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവൃത്തികൾ എല്ലാ സെക്ഷനുകളിലും ഏപ്രിൽ മാസം മുതൽ നടന്നു വരികയാണ്. പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുകയും ബോർഡ് ജീവനക്കാരെ കൂടാതെ ആവശ്യമെങ്കിൽ പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ